പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4400 — 13.11.2019-ൽ മറുപടിയ്ക്ക്

# പട്ടികവർഗ്ഗ വികസന വകുപ്പിലെ പ്രമോട്ടർമാർക്ക് നൽകുന്ന ഓണറേറിയം , യാത്രാ ബത്ത

**ചോദ്യം**

**ശ്രീ.അൻവർ സാദത്ത്**

**മറുപടി**

**എ.കെ.ബാലൻ**

**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)**

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | പട്ടികവർഗ്ഗ വികസന വകുപ്പിൽ സേവനം അനുഷ്ഠിക്കുന്ന പ്രമോട്ടർമാർക്ക് നിലവിൽ ലഭ്യമായി കൊണ്ടിരിക്കുന്ന ഓണറേറിയം,യാത്രാ ബത്ത എന്നിവ എത്രയാണെന്ന് വ്യക്തമാക്കാമോ ; | എ), ബി), സി), ഡി) & ഇ) | പട്ടികവർഗ്ഗ വികസന വകുപ്പിൽ സേവനം അനുഷ്ഠിക്കുന്ന പ്രൊമോട്ടർമാരുടെ ഓണറേറിയം പ്രതിമാസം 9,000/- രൂപയായിരുന്നത് 2019 നവംബർ ഒന്ന് പ്രാബല്യത്തിൽ 12,500/-രൂപയായി വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.<br><br>പട്ടികവർഗ്ഗ പ്രൊമോട്ടർമാർക്ക് നിലവിലുണ്ടായിരുന്ന യാത്രാബത്തയായ 625/-രൂപ പരമാവധി 1,000/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. എസ്.റ്റി പ്രൊമോട്ടർമാരുടെ യഥാർത്ഥ ബസ്/ട്രെയിൻ/ ഓട്ടോറിക്ഷ യാത്രാചെലവ്, യാത്രകളുടെ ആധികാരികത ഉറപ്പുവരുത്തി യാത്രാ ബത്ത അനുവദിക്കുന്നതാണ്. |
| ബി) | ഇത് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലോ ധനാഭ്യർത്ഥനയിലോ ഏതെങ്കിലും തരത്തിലുള്ള പ്രഖ്യാപനങ്ങൾ നടത്തിയിട്ടുണ്ടോ ; എങ്കിൽ അത് ഏത് നിരക്കിലാണെന്ന് വ്യക്തമാക്കുമോ ; | | |
| സി) | ആയത് പ്രകാരം ഓണറേറിയം വർദ്ധിപ്പിച്ചത് സംബന്ധിച്ച് സർക്കാർ ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ; ഇല്ലെങ്കിൽ ഉത്തരവിറങ്ങാനുള്ള കാലതാമസ്സത്തിന്റെ കാരണം വ്യക്തമാക്കാമോ ; | | |
| ഡി) | പ്രമോട്ടർമാരുടെ യാത്ര ബത്ത വർദ്ധിപ്പിച്ചത് സംബന്ധിച്ച് ഉത്തരവിറങ്ങിയിട്ടുണ്ടോ ; എങ്കിൽ എത്ര രൂപയാണ് വർദ്ധിപ്പിച്ചത് ; ഇതിന് സ്വീകരിച്ച മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ ; | | |
| ഇ) | പ്രമോട്ടർമാരുടെ ഓണറേറിയം യാത്രാബത്ത എന്നിവ കാലോചിതമായി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ ? | | |

**സെക്ഷൻ ഓഫീസർ**